## ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി ക്രമം
## (ഹാജർ ഡോ.കെ. വാസുകി ഐ.എ.എസ്)

വിഷയം:- തസ്വഭവ - ശുചിത്വമിഷൻ - LAMPS പ്രോജക്ട് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകുന്നത് - സംബന്ധിച്ച്.

സൂചന :-
1. LAMPS സമർപ്പിച്ച KAU Smart Bio bins (ഗാർഹികതല എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ്) - സാങ്കേതിക സംവിധാനം - പ്രോജക്ട് പ്രൊപ്പോസൽ.
2. 21-01-2017-ൽ ഈ ഓഫീസിൽ കൂടിയ സാങ്കേതിക സമിതിയുടെ മിനിട്ട്സ്.
3. 25-02-2017-ൽ ഈ ഓഫീസിൽ കൂടിയ സാങ്കേതിക സമിതിയുടെ മിനിട്ട്സ്.

**ഉത്തരവ് നം. 2640/സി2/2015/എസ്.എം.** **തീയതി: 02/03/2017**

ലാലൂർ മോഡൽ പ്രോജക്ട് ഫോർ സോളിഡ് വേസ്റ്റ് മാനേജ്മെന്റും തൃശൂർ കോർപ്പറേഷനും സംയോജിച്ചുകൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, മണ്ണുത്തി വികസിപ്പിച്ച KAU Smart Bio bins എന്ന പുതിയ സാങ്കേതിക സംവിധാനം സൂചന (1) പ്രകാരം ലഭ്യമാക്കിയിരുന്നു. ആയത് ശുചിത്വമിഷൻ സാങ്കേതിക സമിതി സൂചന (2) പ്രകാരം പരിശോധിക്കുകയും, ടി സാങ്കേതിക സമിതി യുടെ നിർദ്ദേശാടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുനർ സമർപ്പിച്ച പദ്ധതി സൂചന (3) പ്രകാരം പുന:പരിശോധിക്കുകയും ചെയ്തു. ഈ പദ്ധതി പ്രകാരം ടി സംവിധാനം പ്രാഥമികമായി പൈലറ്റ് അടിസ്ഥാനത്തിൽ ഒരു യൂണിറ്റിന് 2000/- രൂപ നിരക്കിൽ 500 വീടുകളിൽ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകളോടെ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) Smart Bio bins-ന്റെ അടിത്തട്ടിന് നിലവിൽ ബലം കുറവായതിനാൽ അടിഭാഗം കൂടുതൽ കനമുള്ള മെഷ് കൊണ്ട് ബലപ്പെടുത്തേണ്ടതാണ്.
2) കമ്പോസ്റ്റിംഗിന്റെ ശരാശരി C/N അനുപാതം നിലനിർത്താനായി മാലിന്യത്തിന്റെയും അബ്സോർബന്റിന്റേയും അനുപാതം പുനർ ക്രമീകരിക്കേണ്ടതാണ്.
3) ഈ സാങ്കേതിക വിദ്യയുടെ പ്രവർത്തനം ശരിയായി മനസ്സിലാക്കുവാൻ കുറഞ്ഞത് ഒരു വർഷമെങ്കിലും ആവശ്യമായതിനാൽ ആയതിന്റെ പ്രവർത്തനം നിരീക്ഷിക്കേണ്ടതും ഉപഭോക്താക്കളിൽ നിന്നും അഭിപ്രായം ശേഖരിക്കേണ്ടതുമാണ്.
4) ഓരോ രണ്ടു മാസത്തെ ഇടവേളകളിലും ടി സംസ്കരണ ഉപാധിയിലൂടെ ലഭിക്കുന്ന കമ്പോസ്റ്റ് ശേഖരിച്ച് ആയതിന്റെ ഗുണമേന്മ പരിശോധിക്കേണ്ടതുമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ്:-
1. നഗരകാര്യ ഡയറക്ടർ (അറിവിലേയ്ക്ക്)
2. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
3. തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി
4. പ്രോജക്ട് കോ-ഓഡിനേറ്റർ, LAMPS
5. വെബ്സൈറ്റ്
6. ഓഫീസ് കോപ്പി/കരുതൽ ഫയൽ